## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:329 08.06.2015 ൽ മറുപടിക്ക്

### വാഹന അപകടങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ: | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | 2015 ജനുവരി മുതൽ മെയ് വരെ കോഴിക്കോട് ജില്ലയിൽ ദേശീയ പാതയിലും സംസ്ഥാന പാതയിലുമായി എത്ര വാഹന അപകടങ്ങളിലായി എത്ര മരണങ്ങളുണ്ടായി എന്ന് വ്യക്തമാക്കുമോ; | (എ) | 2015 ജനുവരി മുതൽ മെയ് വരെ കോഴിക്കോട് ജില്ലയിൽ ദേശീയ പാതയിൽ 344 വാഹനാപകടങ്ങളിൽ 78 പേർ മരണപ്പെടുകയും സംസ്ഥാന പാതയിൽ 52 വാഹനാപകടങ്ങളിൽ 24 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (ബി) | മഴക്കാലത്ത് റോഡ് അപകടങ്ങൾ ഇല്ലാതാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (ബി) | റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ യഥാസമയം PWD അധികാരികളെ അറിയിച്ചും റോഡിന്റെ പല ഭാഗത്തുമായി മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും, ഡ്രൈവേഴ്സ് യൂണിയനുകളെ സംഘടിപ്പിച്ച് സ്റ്റുഡൻസ് പോലീസിന്റെ സഹകരണത്തോടെ ബോധവൽക്കരണം നടത്തിയും മഴക്കാലത്ത് റോഡ് അപകടങ്ങൾ ഇല്ലാതാക്കാൻ ശ്രമിച്ചു വരുന്നു. അമിതവേഗത, റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു എന്ന് മനസ്സിലാക്കികൊണ്ട് |

| | | | |
|---|---|---|---|
| | | | വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്റ്റേജ് കാരേജുകളിലും, ഹെവി വാഹനങ്ങളിലും, സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധന കളിലും, ഓഫീസ് തലങ്ങളിൽ നടത്തപ്പെടുന്ന ചെക്കിംഗുകളിലും അമിതവേഗതയിലോ ടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീലനങ്ങളിൽ അമിതവേഗതക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും, അശ്രദ്ധമായും വാഹനം ഉപയോഗിയ്ക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുകയും, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയവയും നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | ജില്ലാതലത്തിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും, മേഖലതലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ച്, പൊതുമരാമത്ത് വകുപ്പ് തുടങ്ങി മറ്റു വകുപ്പുകളുടെ സഹായത്തോടു കൂടി തിരുത്തൽ നടപടികൾ എടുക്കുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിച്ചുവരുന്നു. റോഡപകടങ്ങൾ നിയന്ത്രിയ്ക്കുന്നതിനും റോഡ് സുരക്ഷാ നടപടികൾ കൂടുതൽ ഫലവത്തായി നടത്തുന്നതിനും മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിംഗ് പ്രവർത്തിച്ചുവരുന്നു. മഴക്കാലത്തിന് മുന്നോടിയായി പ്രത്യേക പ്രി-മൺസൂൺ പരിശോധനകളും നടത്തിവരുന്നുണ്ട്. |
| (സി) | കോഴിക്കോട്-കണ്ണൂർ, കോഴിക്കോട് - കുറ്റിയാടി റൂട്ടിലെ സ്വകാര്യ ബസ്സുകളുടെ മത്സര ഓട്ടം | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 8 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്വകാര്യ ബസുകളുടെ മൽസര ഓട്ടം നിയന്ത്രിക്കുവാനായി വാഹന |

| | | | |
|---|---|---|---|
| | മൂലമുണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അവസാനിപ്പിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | | പരിശോധന നടത്തിയും സിഗ്നൽ ബോർഡുകൾ സ്ഥാപിച്ചും ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകിയും അതിവേഗതക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത റൂട്ടുകളിൽ ഓടുന്ന സ്വകാര്യ ബസ്സുകൾ സ്പീഡ് ഗവർണർ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ മുഴുവൻ ബസ്സുകളും അടിയന്തരമായി പരിശോധിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഈ വിഷയത്തിൽ അടിയന്തിരമായി വാഹന പരിശോധന നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ